**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 845** **06-10-2021 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | അംബേദ്ക്കർ ഗ്രാമം പദ്ധതി 2021-22 നടപ്പിലാക്കുന്നതിനുള്ള നടപടി സി2/381/2021/ പജപവവിവ നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു. |
| (ബി) | ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അംബേദ്കർ ഗ്രാമം പദ്ധതിയിലേക്ക് പട്ടികജാതിഗ്രാമങ്ങളെ തെരഞ്ഞെടുക്കുന്നതെന്ന് വിശദമാക്കാമോ ; | (ബി) | ഓരോ നിയോജകമണ്ഡലത്തിലുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് ഓരോ കോളനിയിലും ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓരോ സങ്കേതത്തിന്റെയും വികസനാവശ്യങ്ങൾ വിലയിരുത്തി എം.എൽ.എമാരുടെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) | പദ്ധതി സമഗ്രമായി പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ പട്ടികജാതി വികസന വകുപ്പിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ ? | (സി) | ടി പദ്ധതിയിൽ കോളനികളുടെ തെരഞ്ഞെടുപ്പുരീതിയിലും നടത്തിപ്പിലും ഭേദഗതി വരുത്തുന്ന വിഷയത്തിൽ സി2/68/2020/ പജപവവിവ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ